# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1403 | 04.02.2019-ന് മറുപടിയ്ക്ക് |
|---|---|

## റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലേക്കുള്ള വഴി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലേക്ക് മെയിൻ റോഡിൽ നിന്നും തടസ്സങ്ങളില്ലാതെ പ്രവേശിക്കുവാൻ കഴിയും വിധത്തിലുള്ള വസ്തു ഏറ്റെടുത്ത് നൽകണമെന്ന് കാണിച്ച് റാന്നി എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | റാന്നി മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന ഫയർ & റെസ്ക്യൂ സ്റ്റേഷനിലക്ക് പ്രവേശിക്കുന്നതിനുള്ള റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് റാന്നി തഹസീൽദാർ മുഖാന്തിരം സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ റോഡ് വികസനത്തിനായി റാന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ സർവ്വെ 125/6-ൽപ്പെട്ട (മുൻ സർവ്വെ 440/5B) 0.0060 ഹെക്ടർ (1 ½ സെന്റ്) സ്ഥലം ഏറ്റെടുക്കണമെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ അർത്ഥന, അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ.ആക്ട്, 2013 പ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | എന്നത്തേക്ക് ഭൂമി ഏറ്റെടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ